**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1673** **31-08-2022 - ൽ മറുപടിയ്ക്ക്**

**സമ്പൂർണ്ണ പച്ചക്കറി കൃഷി നടപ്പാക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയുമായി സഹകരിച്ച് സമ്പൂർണ്ണ പച്ചക്കറി കൃഷി നടപ്പാക്കുന്നതിന് വകുപ്പ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയുമായി സഹകരിച്ച് സമ്പൂർണ്ണ പച്ചക്കറി കൃഷി നടപ്പാക്കുന്നതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന ഞങ്ങളും കൃഷിയിലേക്ക് പദ്ധതിലൂടെ വിഭാവനം ചെയ്തിട്ടുണ്ട്.<br><br>കേരളത്തിലെ എല്ലാ ജനവിഭാഗങ്ങളെയും കൃഷിയിലേക്ക് ആകർഷിക്കുന്നതിനും ഒരു "വിള നിർണ്ണയ വിപണന ആസൂത്രണ രേഖ" പ്രകാരം വളരെ പ്രാവർത്തികവും കാര്യക്ഷമവും ലാഭകരവുമായ കാർഷിക ഉല്പാദനത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ സജ്ജമാക്കുകയും ചെയ്യുന്നതിനുള്ള ക്യാമ്പയിനാണ് "ഞങ്ങളും കൃഷിയിലേക്ക്".<br><br>തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഡ് തലത്തിൽ നിന്നുള്ള കൃഷിക്കൂട്ടങ്ങൾ എന്ന അടിസ്ഥാന സംഘങ്ങൾ കൃഷി സ്ഥലങ്ങൾ കണ്ടെത്തി "വിള നിർണ്ണയ വിപണന ആസൂത്രണ രേഖ" പ്രകാരം ആ പ്രദേശത്ത് അനുയോജ്യമായ വിളകളും, ആവശ്യകതയും, വിപണിയും കണക്കിലെടുത്ത് കൃഷി ചെയ്യുന്നതിനുള്ള രൂപരേഖ തയ്യാറാക്കി പദ്ധതി നടപ്പിലാക്കുന്നു. കുടുംബശ്രീ, സംഘകൃഷി ഗ്രൂപ്പുകളുടെ സേവനം ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയിലേക്ക് കൂടി പ്രയോജനപ്പെടുത്തുന്നതാണ്.<br><br>തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ പദ്ധതി ആസൂത്രണം ചെയ്യേണ്ട ചുമതല പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻതല സമിതിയ്ക്കാണ്. ഇതിലെ ഒരു പ്രധാന മെമ്പറാണ് സി.ഡി.എസ്. ചെയർപെഴ്സൺ. കൂടാതെ ഞങ്ങളും കൃഷിയിലേക്ക് ഉൾപ്പെടെയുള്ള കാർഷിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | വിലയിരുത്തുന്നതിനും രൂപീകരിച്ചിട്ടുള്ള വാർഡ് തല കമ്മിറ്റികളിലും ഒരു പ്രധാന അംഗമാണ് എ.ഡി.എസ്. ചെയർപെഴ്സൺ.<br><br>ഓരോ പഞ്ചായത്തിലും ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ വിപണത്തിനായി കുടുംബശ്രീ വിപണന യൂണിറ്റുകളിലൂടെയും ഗ്രാമീണ ചന്തകളിലൂടെയും വിപണി കണ്ടെത്തുന്നു. ഗ്രാമ പ്രദേശങ്ങളിൽ ഗ്രാമ വിസ്മയം പോലുള്ള പരിപാടികളിൽ കുടുംബശ്രീ യൂണിറ്റുകളിലെ അംഗങ്ങളുടെ നാട്ടറിവുകളും, കൃഷി അറിവുകളും പ്രചരിപ്പിക്കുന്നതിനും അവരുടെ കൈവശമുള്ള നാടൻ വിത്തിനങ്ങൾ കൈമാറുന്നതിനും ഞങ്ങളും കൃഷിയിലേക്ക് ക്യാമ്പയിനിലൂടെ സാധ്യമാകുന്നു. |
| (ബി) | ഓരോ പ്രദേശത്തിനും അനുയോജ്യമായ പച്ചക്കറി കൃഷി അതാതിടങ്ങളിൽ കുടുംബശ്രീ മുഖേന നടപ്പാക്കുന്നതിനും അതിനാവശ്യമായ നല്ല ഇനം പച്ചക്കറിതൈകളും വളവും മറ്റും യഥാസമയം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | കുടുംബശ്രീ മുഖേന ഓരോ പ്രദേശത്തിനും അനുയോജ്യമായ പച്ചക്കറി കൃഷി അതാതിടങ്ങളിൽ നടപ്പാക്കുന്നതിന് കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വി.എഫ്.പി.സി.കെ., അഗ്രോസർവ്വീസ് സെന്റർ, പച്ചക്കറി വികസന പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ബ്ലോക്ക്തല നഴ്സറികൾ, കേരള കാർഷിക സർവ്വകലാശാല എന്നിവിടങ്ങളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറി തൈകൾ കൃഷി ഭവൻ മുഖേന വിതരണം നടത്തി വരുന്നു. കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ പദ്ധതികളിലും ഉൾപ്പെടുത്തി അതാത് പ്രദേശത്ത് അനുയോജ്യമായ പച്ചക്കറി തൈകൾ/വിത്തുകൾ ആവശ്യത്തിനനുസരിച്ച് ലഭ്യമാക്കുന്നതാണ്. കൂടാതെ കുടുംബശ്രീ യൂണിറ്റുകളിലെ നഴ്സറികളിലും ഓരോ പ്രദേശത്തിനും അനുയോജ്യമായ പച്ചക്കറി തൈകൾ ഉല്പാദിപ്പിച്ച് പച്ചക്കറി കൃഷി ചെയ്യുന്നു. കുടുംബശ്രീ നിലവിൽ കൃഷി വകുപ്പുമായി ചേർന്നുകൊണ്ട് "ഞങ്ങളും കൃഷിയിലേക്ക്" ഭാഗമായി 'ഒരു കോടി ഫലവൃക്ഷതൈ വിതരണം' പദ്ധതിയിലേയ്ക്ക് 2022-23 സാമ്പത്തിക വർഷത്തിൽ 1.22 ലക്ഷം ഫലവൃക്ഷതൈകൾ കുടുംബശ്രീ നഴ്സറികൾ വഴി ഉല്പാദിപ്പിച്ച് വിതരണത്തിന് തയ്യാറാക്കുന്നു.<br><br>സംസ്ഥാന സർക്കാർ ജൈവ വളത്തിന്റെ ഉപയോഗവും 'ജൈവ കൃഷിയും പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവ കൃഷിയും, ഉത്തമ കൃഷി മുറകളും' എന്ന പദ്ധതി നടപ്പിലാക്കുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ "ഞങ്ങളും കൃഷിയിലേക്ക്" എന്ന പദ്ധതിയുടെ ഭാഗമായി കാർഷിക ചെലവുകൾ കുറയ്ക്കുന്നതിനും, കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക |

| | | | |
|---|---|---|---|
| | | | തലത്തിലും ഫാമിനുള്ളിലും ലഭ്യമായ വിഭവങ്ങൾ കാര്യക്ഷമമായി വിനിയോഗിക്കുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കേരള കാർഷിക സർവ്വകലാശാല അംഗീകരിച്ച ജൈവ ഉൽപ്പന്നങ്ങളിൽ നിന്ന് പ്രാദേശിക ആവശ്യം അനുസരിച്ച് ജൈവ ഉല്പാദനോപാദികൾ കർഷകർ ഉല്പാദിപ്പിച്ച് മറ്റു കർഷകർക്ക് വിതരണം ചെയ്യുന്നതിന് പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ പ്രോജക്ട് അടിസ്ഥാനത്തിൽ ജൈവ ഉൽപാദനോപാദികൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ചെലവുകൾക്ക് 75 % തുക സബ്സിഡിയായി നൽകുന്നതിന് വേണ്ടി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഞങ്ങളും കൃഷിയിലേക്ക് പദ്ധതി പ്രകാരം രൂപീകൃതമായിട്ടുള്ള കൃഷിക്കൂട്ടം മുഖേന കുടുംബശ്രീ യൂണിറ്റ് അംഗങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നതാണ്. |
| (സി) | കൃഷിയിറക്കൽ, പരിചരണം, വിപണനം എന്നിവ കാര്യക്ഷമമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ സേവനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനും കാർഷിക ബിരുദധാരികളെ താൽക്കാലികമായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | കൃഷിയിറക്കൽ, പരിചരണം, വിപണനം എന്നിവ കാര്യക്ഷമമായി നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ സേവനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനും നിലവിൽ കൃഷി ഭവനുകളിലെ കൃഷി ഉദ്യോഗസ്ഥർ (കൃഷി ഓഫീസർ, അസിസ്റ്റന്റ് കൃഷി ഓഫീസർ) പ്രവർത്തിച്ചു വരുന്നു. കൃഷി ഓഫീസർമാർ ഒഴിവുള്ള കൃഷി ഭവനുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽകാലികമായി കൃഷി ബിരുദധാരികൾക്ക് നിയമനം ഇപ്പോൾ നൽകുന്നുണ്ട്.<br><br>കൂടാതെ വിവിധ പദ്ധതികളുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുവാൻ വേണ്ടി അതാത് പദ്ധതികളിൽ താത്കാലികാടിസ്ഥാനത്തിൽ നിയമിതരായ കോൺട്രാക്ട് സ്റ്റാഫും പ്രവർത്തിക്കുന്നുണ്ട്. ഇവ കൂടാതെ വിദ്യാസമ്പന്നരായ പുതിയ തലമുറയിലെ അംഗങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും അവർക്ക് കൃഷി വകുപ്പിൽ തന്നെ അവസരങ്ങൾ ഒരുക്കുന്നതിനുമായും ജനങ്ങൾക്ക് കൃഷി ഭവനിൽ നിന്നും നിലവിൽ ലഭിക്കുന്ന സേവനങ്ങൾ കുറച്ചുംകൂടി മെച്ചപ്പെടുത്തുന്നതിനും ഇന്റേൺഷിപ് പരിപാടിയും നടപ്പിലാക്കി വരുന്നു. VHSE Agriculture, ഡിപ്ലോമ ഇൻ Agriculture, ഡിപ്ലോമ ഇൻ ഓർഗാനിക് ഫാർമിംഗ്, എന്നീ കോഴ്സുകൾ പാസ്സായവരെയാണ് ഇന്റേൺസായി പരമാവധി 6 മാസത്തേക്ക് നിയമിക്കുന്നത്. |

സെക്ഷൻ ഓഫീസർ